**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1386** **07-10-2021 - ൽ മറുപടിയ്ക്ക്**

**അക്ഷരലക്ഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മുഴുവൻ നിരക്ഷരരെയും കണ്ടെത്തി സാക്ഷരരാക്കുവാൻ നടപ്പിലാക്കിയ അക്ഷരലക്ഷം പദ്ധതിയിൽ പഠിച്ചവരുടെയും വിജയിച്ചവരുടെയും കണക്ക് സാക്ഷരതാ മിഷനിൽ ലഭ്യമല്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2012-ലാണ് അക്ഷരലക്ഷം പദ്ധതി ആരംഭിക്കുന്നത്. 2012 മുതൽ 2016 വരെ 32524 പേർ ഈ പദ്ധതിയിലൂടെ സാക്ഷരരായി. 2016 നുശേഷം ഈ പദ്ധതിയുടെ പ്രയോജനം പാർശ്വവൽകൃത മേഖലയിലേക്ക് കൂടുതൽ ലഭ്യമാക്കണമെന്ന് തീരുമാനിച്ചു. തുടർന്ന് 2017 നുശേഷം അക്ഷരലക്ഷം പദ്ധതി പാർശ്വവൽകൃത മേഖലയിലേക്ക് വ്യാപിപ്പിച്ചു. ആദിവാസി വിഭാഗത്തിനായി സമഗ്ര വയനാട് ആദിവാസി സമ്പൂർണ്ണ സാക്ഷരതാപദ്ധതി, അട്ടപ്പാടി സാക്ഷരതാ പദ്ധതി, പട്ടികജാതി വിഭാഗത്തിനായി നവചേതന, തീരദേശത്തിനായി അക്ഷരസാഗരം, ഇതരസംസ്ഥാന തൊഴിലാളികൾക്കായി ചങ്ങാതി, തിരുവനന്തപുരം നഗരസഭയിൽ അക്ഷരശ്രീ, രണ്ടായിരം പിന്നോക്ക കോളനിയിലെ പ്രത്യേക സാക്ഷരതാപരിപാടി എന്നിവ അതിന്റെ ഭാഗമായി ആരംഭിച്ചു. 2016 മുതൽ 2020 വരെ ആകെ 109659 പേർ സാക്ഷരരായി. ഇതിൽ പാർശ്വവൽകൃത വിഭാഗത്തിൽ മാത്രമായി 65722 പേർ സാക്ഷരരായി. |

സെക്ഷൻ ഓഫീസർ